# St. Thomas LPS Punnathura

## Acadamic Master Plan 2025-2026.

## ആമുഖം

1906-ൽ പൂന്തുറ പഴയപള്ളിയോട് ചേർന്ന ഒരു കെട്ടിടത്തിലായിരുന്നു സ്കൂളിന്റെ ആരംഭം. 1930 ഏപ്രിൽ 11-ാം തീയതി സ്കൂളും സ്ഥലവും ഇടവകയിൽനിന്ന് മഠത്തിലേക്ക് എഴുതികൊടുത്തു. അന്നുമുതൽ സ്കൂളിന്റെ മനേജർ സ്ഥാനം കന്യാസ്ത്രീകൾ വഹിച്ചു പോരുന്നു. 2005-06 വർഷത്തിൽ ഈ സ്കൂളിന്റെ ശതാബ്ദി ആഘോഷിച്ചു. ഗതാഗത സൗകര്യങ്ങൾ വളരെ കുറവുള്ള ഈ പ്രദേശത്ത് ഈ സ്കൂൾ വളരെ നിർണ്ണായക പങ്കുവഹിച്ചിരുന്നു. പൂന്തുറ ഗേൾസ് ഹൈസ്കൂൾ ഇതേ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നതിനാൽ പെൺകുട്ടികൾക്ക് ഹൈസ്കൂൾ പഠനം കൂടി പൂർത്തീകരിക്കാൻ സാധിക്കുന്നു.

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ഒരു ലക്ഷ്യത്തിനു വേണ്ടിയാണ് സ്കൂളിന്റെ പ്രവർത്തനങ്ങൾ രൂപീകരിച്ചിരിക്കുന്നത്. **2025-26** അധ്യയന വർഷത്തിൽ പഠനത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്നനിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കിയിരിക്കുന്നു. ഒന്നുമുതൽ നാലുവരെയുള്ള ക്ലാസ്സിലെ കുട്ടികളെ തെറ്റില്ലാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക എന്നതാണ് ലക്ഷ്യം.

അക്കാദമിക മാസ്റ്റർ പ്ലാൻ : നിർവ്വഹണ പദ്ധതി

വിദ്യാലയത്തിന്റെ പേര് : സെന്റ് തോമസ് എൽ.പി സ്കൂൾ പുന്നത്തുറ
വിഭാഗം : L.P
വിഷയം : മലയാളം

## അവസ്ഥാവിശകലനം

* അനായാസം ഭാഷ കൈകാര്യം ചെയ്യുവാനുള്ള കഴിവ് കൈവരിക്കുന്നതിന്
* അക്ഷരത്തെറ്റു കൂടാതെ വായിക്കാനും എഴുതാനുമുള്ള കഴിവ് കൈവരിക്കുന്നതിന്

മേഖല : വായന

പ്രവർത്തനപരിപാടിയുടെ പേര് : ലളിതം മലയാളം

## പ്രതീക്ഷിത നേട്ടങ്ങൾ

* അർത്ഥപൂർണമായ വായന
* അക്ഷരസ്ഫുടത
* സ്വതന്ത്രവായന
* വായിച്ചു ഗ്രഹിച്ച ആശയങ്ങൾ, സർഗാത്മക പ്രവർത്തനത്തിലൂടെ
* അക്ഷരങ്ങളുടെ കൃത്യത ഉറപ്പുവരുത്താൻ കഴിയുന്നു.

| നം | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണ കാലം | |
|---|---|---|---|---|
| 1 | പത്ര വായന | ഓരോ ക്ലാസിലെയും കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കുന്നു. ഓരോ ഗ്രൂപ്പിനും ഓരോ ദിവസം അന്നന്നുള്ള പത്രവാർത്ത വായിക്കുവാൻ ഏൽപ്പിക്കുന്നു. | 1 വർഷം | |
| 2. | മാഗസിൻ വായന | മുൻകൂട്ടി പറഞ്ഞ വൃത്തം പ്രകാരം കുട്ടികൾ തയ്യാറാക്കിയ കഥ, കവിത എന്നിവ തരംതിരിച്ച് ചൊല്ലുന്നു. | 6 മാസം | |
| 3. | വായനാകാർഡുകൾ | വായനയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് മുൻഗണന നൽകികൊണ്ട് വായനാ കാർഡുകൾ നൽകി എക്കോ റീഡിംഗ് നടത്തുന്നു. (ഒരാൾ പറയുന്ന കാര്യങ്ങൾ അതേപോലെ മറ്റൊരാൾ പറയുന്നു) | 1 വർഷം | |
| 4. | കഥാ അവതരണം | കുട്ടികൾ കണ്ടെത്തുന്ന കഥകൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ അസംബ്ലിയിലും സർഗവേളയിലും അവസരങ്ങൾ നൽകുന്നു. | 1 വർഷം | |

| | | | | |
|---|---|---|---|---|
| 5 | കവിതാ ശേഖരണം | പ്രമുഖരായ കവികളുടെ വിവിധങ്ങളായ കവിതകൾ ശേഖരിച്ച് ഉച്ചാരണ ശുദ്ധിയോടെ ചൊല്ലുവാൻ അവസരം നൽകുന്നു. | 6 മാസം | |
| 6 | വായനാക്കോർണർ | ഓരോ ക്ലാസിലും വായനാക്കോർണർ സംഘടിപ്പിക്കുന്നു. അതിനായി ആവശ്യം വേണ്ട പുസ്തകങ്ങൾ കുട്ടികളോട് തന്നെ ശേഖരിക്കുവാൻ നിർദേശിക്കുന്നു | ഒരു വർഷം | |
| | | | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ നിർവ്വഹണ പദ്ധതി

വിദ്യാലയത്തിന്റെ പേര് : സെന്റ് തോമസ് എൽ.പി.സ്കൂൾ പുന്നത്തുറ

വിഭാഗം : L.P

വിഷയം : ഇംഗ്ലീഷ്

### പൊതുലക്ഷ്യങ്ങൾ

* കുട്ടികളുടെ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്താൻ Love English programme.
* ഇംഗ്ലീഷ് ഭാഷകേട്ട് ആശയം മനസ്സിലാക്കി തന്റെ ആശയങ്ങൾ പ്രകടിപ്പിക്കുന്നു. (Communication English)
* ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുന്നു.
* ഇംഗ്ലീഷ് സംസാരശേഷി വർദ്ധിപ്പിക്കുന്നു.
* ചിത്രവായന നടത്തി ലഘുവാക്യങ്ങൾ എഴുതുന്നു. പറയുന്നു.
* വരികൾ കൂട്ടിച്ചേർക്കുന്നു.

### പ്രതീക്ഷിത നേട്ടങ്ങൾ

* ഇംഗ്ലീഷിനോടുള്ള താൽപര്യം ഉണ്ടാകുന്നു.
* To develop Communication Skill.
* To develop English Vocabulary

* To develop English knowledge and expressions
* making sentences with 'ing' forms
* in, on prepositions

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| കുട്ടികളുടെ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തൽ | * Letter card.<br>* Word card<br>* Rearrange the letters and words.<br>* Action songs<br>* puzzles, Magic square<br>* Audio, Video സംവിധാനങ്ങൾ ഉപയോഗിച്ച് Rhymes, Stories എന്നിവ കേൾപ്പിക്കൽ. | June to March | Class teacher | S.R.G<br>S.S.A |
| ഇംഗ്ലീഷ് ഭാഷ കേട്ട് ആശയം മനസ്സിലാക്കി തന്റെ ആശയങ്ങൾ പ്രകടിപ്പിക്കുന്നു. | * പാഠഭാഗത്തെ നാടകീകരണ സന്ദർഭങ്ങൾ കണ്ടെത്തി അവതരിപ്പിക്കൽ. | February | Class teacher | S.R.G<br>S.S.A |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് പദസമ്പത്ത് വർധിപ്പിക്കൽ | * A day a word അവതരണം.<br>* My English word ഒട്ടിച്ച് ബോർഡിൽ പ്രദർശനം.<br>* അതിന്റെ reading and writing<br>* Note book-ൽ രേഖപ്പെടുത്തൽ | June to March | Class Teacher | |
| ഇംഗ്ലീഷ് സംസാരശേഷി വർധിപ്പിക്കുന്നു. | * classroom market and field trip to market.<br>* Communication English class ആഴ്ചയിൽ ഒരു ദിവസം<br>* Speech about something in English Assembly.<br>* Speaking in English in the English period. | June to March | Class Teacher<br>Resource Teacher | |
| picture Reading and writing | * Worksheet ഉണ്ടാക്കി അതിലെ ചിത്രം നോക്കി എഴുതുന്നു. പറയുന്നു. | June to March | Class teacher | |

| | | | | |
|---|---|---|---|---|
| [illegible] | action Songs, collections, presentation. | June to March | Class Teacher | |
| writing abilities | * Identify and fill the sentences with 'ing' forms<br>* Fill the sentences using 'in', 'on' preposition | June to March | Class Teacher | |

അക്കാദമിക മാസ്റ്റർ പ്ലാൻ : നിർവ്വഹണ പദ്ധതി

വിദ്യാലയത്തിന്റെ പേര് : സെന്റ് തോമസ് എൽ.പി സ്കൂൾ പുന്നത്തുറ

വിഭാഗം : L.P

വിഷയം : ഗണിതം

## അവസ്ഥാ വിശകലനം

* കുട്ടികളിൽ സംഖ്യാബോധം വളർത്തുക
* നിത്യ ജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ

മേഖല : സങ്കലനം

പ്രവർത്തനപരിപാടിയുടെ പേര് : ഗണിതം മധുരം

## പ്രതീക്ഷിത നേട്ടങ്ങൾ

* സംഖ്യകൾ തമ്മിലുള്ള സങ്കലനം
* സ്ഥാനവില മനസിലാക്കൽ
* ഗണിതപരമായി ബന്ധപ്പെട്ട സങ്കലനത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ

## സൂക്ഷ്മതല പ്രവർത്തനങ്ങൾ

| നം | പ്രവർത്തനം | പ്രവർത്തന വിവരണം | നിർവഹണ കാലം |
|---|---|---|---|
| 1. | പത്തിന്റെ കൂട്ടങ്ങളാക്കുക. | നക്ഷത്രങ്ങളുടെ മോഡൽ ഉണ്ടാക്കി പത്തുകളുടെ കൂട്ടങ്ങളാക്കി സംഖ്യകൾ പറയുന്നു. വ്യക്തിഗതമായും ഗ്രൂപ്പായി തിരിഞ്ഞും പ്രവർത്തനം ചെയ്യുന്നു. | ഒരു ആഴ്ച |
| 2. | സ്ട്രോകൾ കെട്ടുകളാക്കാം. | ഗ്രൂപ്പുകളായി തിരിയുന്നു. ഓരോ ഗ്രൂപ്പിനും വിവിധ നിറത്തിലുള്ള സ്ട്രോകൾ നൽകുന്നു. അധ്യാപിക നിർദേശിക്കുന്ന സംഖ്യ, സ്ട്രോകൾ ഉപയോഗിച്ച് കണ്ടെത്തി പറയുന്നു. | രണ്ടാഴ്ച |
| 3. | ഗ്ലാസുകൾ അടുക്കൽ | വിവിധ പാറ്റേണുകളുടെ മാതൃകകൾ മനസ്സിലാക്കുന്നതിനായി ഗ്ലാസുകൾ ഉപയോഗിച്ച് വിവിധങ്ങളായ പാറ്റേണുകൾ നിർമ്മിക്കൽ | രണ്ടാഴ്ച |

| | | | | |
|---|---|---|---|---|
| 4 | മഞ്ചാടി കുരു-ക്കൾ എണ്ണൽ | സംഖ്യാബോധം ഉദ്ഭവിക്കുന്ന തരത്തിൽ അധ്യാപിക ഓരോ സംഖ്യകൾ പറയുന്നതനുസരിച്ച് കുട്ടികൾ മഞ്ചാടിക്കുരുക്കൾ എണ്ണിതിട്ടപ്പെടുത്തുന്നു. | 1 മാസം | |
| 5. | മുത്തുകൾ കൊണ്ടുള്ള സങ്കലനം | വിവിധ ഗ്രൂപ്പുകളായി തിരിക്കുന്നു. ഓരോ ഗ്രൂപ്പും മുത്തുകൾ ശേഖരിക്കുന്നു. ഓരോ ഗ്രൂപ്പിനും കിട്ടിയ മുത്തുകൾ കൂട്ടി ആകെ എത്ര മുത്തുകൾ എന്നു കണ്ടെത്തുന്നു. | 1 മാസം | |
| 6 | ടോക്കൺ എണ്ണൽ | ഓരോ കുട്ടികൾക്കും വിവിധങ്ങളായ ടോക്കൺ നൽകുന്നു. ടോക്കണിലുള്ള സംഖ്യകൾ കൂട്ടി എത്ര സംഖ്യ എന്ന് കണ്ടെത്തുന്നു. | ഒരു മാസം | |

# അക്കാദമിക മാസ്റ്റർ പ്ലാൻ നിർവഹണ പദ്ധതി

വിദ്യാലയത്തിന്റെ പേര് : സെന്റ് തോമസ് എൽ പി സ്കൂൾ പുന്നത്തുറ

വിഭാഗം : LP

വിഷയം : പരിസരപഠനം

## അവസ്ഥാ വിശകലനം

* പരിസരവുമായി ഇണങ്ങി ജീവിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.
* പരിസ്ഥിതി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത, മാലിന്യമുക്തമായ ഒരു പരിസരം ഇവയുടെ പ്രാധാന്യം മനസ്സിലാക്കി പ്രവർത്തിക്കുക.

## മേഖല

പ്രവർത്തന പരിപാടിയുടെ പേര് : ഞാനും എന്റെ ചുറ്റുപാടും

## പ്രതീക്ഷിത നേട്ടങ്ങൾ

* പഠനത്തെ പരിസരവുമായി ബന്ധിപ്പിച്ച് പരിസര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.
* പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുന്നു.
* പ്ലാസ്റ്റിക് രഹിത വിദ്യാലയം

സൂക്ഷ്മതല പ്രവർത്തനങ്ങൾ

| ക്രമനമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലം |
|---|---|---|---|
| 1 | കുട്ടികൾക്ക് പരിസരം നിരീക്ഷിക്കാനും, വിവരങ്ങൾ ശേഖരിക്കാനും അവസരം നൽകുന്നു | Pre-Test നടത്തി കുട്ടികളുടെ പരിസരവുമായുള്ള ബന്ധം മനസ്സിലാക്കി ഇതിൽ നിന്നും കുട്ടികളെ പരിസരബന്ധിയായി വളർത്തേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി. തുടർന്ന് നമ്മുടെ ചുറ്റുപാടും കാണുന്ന സസ്യങ്ങളെ പരിചയപ്പെടുത്തുകയും, പട്ടികപ്പെടുത്തുകയും പ്രയോജനങ്ങൾ മനസ്സിലാക്കാൻ അവസരം നൽകുകയും ചെയ്യുന്നു. ICT സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. Application → ഓരോ സസ്യങ്ങളുടെയും സവിശേഷതകൾ കണ്ടെത്തുകയും വിശകലനം ചെയ്യുകയും ചെയ്യുന്നു. അധ്യാപകർ മോണിറ്ററിംഗ് നടത്തുന്നു. | ഒരു മാസം |
| 2 | ഔഷധത്തോട്ട നിർമ്മാണം | പ്രകൃതിയുമായി ഇണങ്ങി ജീവിക്കേണ്ടതിന്റെ ആവശ്യകത | വർഷം മുഴുവനും |

| | | | |
|---|---|---|---|
| | | ഉദാഹരണങ്ങളിലൂടെയും ICT<br>മനസ്സിലാക്കുന്നു.<br>നാട്ടറിവുകളുടെ ഉപയോഗങ്ങളും<br>പ്രയോജനങ്ങളും മനസ്സിലാക്കാൻ<br>അവസരം.<br>- സ്കൂൾ ഗ്രൗണ്ടിൽ നല്ലൊരു ഔഷധ<br>ത്തോട്ടം കുട്ടികളുടെ പങ്കാളിത്ത-<br>ത്തോടെ നിർമ്മിക്കുന്നു. ടീച്ചറിന്റെ<br>നേതൃത്വത്തിൽ പരിപാലനം | |
| 3. | ജൈവ, അജൈവ മാലി-<br>ന്യങ്ങൾ തരംതിരിച്ച്<br>സംസ്കരിക്കുന്നു. | പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് ചർച്ച<br>നമ്മുടെ പരിസരം, ചുറ്റുപാട് വൃത്തി-<br>യായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത<br>പഠനക്കുറിപ്പുകൾ ICT സാധ്യത<br>(u tube, google, PDF) പരമാവധി<br>പ്രയോജനപ്പെടുത്തുന്നു.<br>- പ്ലാസ്റ്റിക്കിന്റെ ദൂഷ്യഫലങ്ങളെ<br>കുറിച്ച് മനസ്സിലാക്കുന്നു.<br>— ജൈവ അജൈവ മാലിന്യങ്ങൾ<br>തരംതിരിച്ച് ശേഖരിക്കുന്നു.<br>— പ്ലക്കാർഡുകൾ സ്ഥാപിക്കുന്നു.<br>— മോണിറ്ററിംഗ് നടത്തുന്നു. | വർഷം<br>മുഴുവനും |